# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5508 25.10.2011 ൽ മറുപടിക്ക്

### റോഡു സുരക്ഷ ഉറപ്പുവരുത്തുന്നതിന് വിദഗ്ദ്ധ സമിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.എ.റ്റി. ജോർജ്<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത്വകുപ്പു മന്ത്രി) |
| (എ) 12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാനും സുരക്ഷ ഉറപ്പുവരുത്തുവാനുമുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ ; | (എ) പരിഗണനയിലാണ് |
| (ബി) ഇതിനായി ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (ബി) ഉണ്ട് |
| (സി) സമിതിയുടെ ഘടന എങ്ങനെയാണ് എന്ന് വിശദമാക്കുമോ ; | (സി) സമിതിയുടെ ഘടന കേരള റോഡ് സേഫ്റ്റി അതോറിറ്റി ആക്ട് പ്രകാരം ആയിരിക്കും. |
| ഡി) സമിതിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ? | (ഡി) (1) റോഡ് സുരക്ഷാ നയങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക<br>(2) റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.<br>(3) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുക<br>4) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കർത്തവ്യനിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക.<br>(4) ഫണ്ടിന്റെ നടത്തിപ്പ് |

6) റോഡ് സുരക്ഷാ പ്രോജക്ടുകൾക്ക് വേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്ന - തിനും സ്ഥാപിക്കുന്നതിനും വേണ്ടിയും ചെലവ് അനുവദിക്കുക

7) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക.

(8) ട്രോമ കെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക

9) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക

10) റോഡ് സുരക്ഷ നടപടികളുമായി ബന്ധപ്പെട്ട സംഗതികൾക്കുള്ള ചെലവ് അനുവദിക്കുക

11) അതോറിറ്റിയുടെ നേതൃത്വത്തിൽ അപകട സ്ഥലത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി സ്വയം സഹായസഹകരണസംഘങ്ങൾ രൂപീകരിക്കുക

12) ഈ ആക്ടിന്റെ ഉദ്ദേശങ്ങൾ പിരഗണിച്ച്കൊണ്ട് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

സെക്ഷൻ ഓഫീസർ